**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 711** — **05-10-2021 - ൽ മറുപടിയ്ക്ക്**

**യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങൾക്കായി സഹകരണമേഖലയിൽ ആദ്യമായി ആരംഭിക്കുന്ന യുവ സഹകരണസംഘങ്ങളുടെ പ്രവർത്തനരീതി വ്യക്തമാക്കാമോ; | (എ) | സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ സഹകരണ സംഘങ്ങൾ ആരംഭിക്കുമെന്ന സർക്കാരിന്റെ നയപ്രഖ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 29 യുവ സഹകരണ സംഘങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ സേവന മേഖലകളിലും യുവ സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എെടി മേഖലയിലുള്ളവർ, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖലകളിൽ തല്പരർ, ഡിസൈൻ, ആർട്ടിസ്റ്റ് തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്നവർ, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും, സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനവും ലക്ഷ്യമിട്ടാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | വായ്പ സംഘങ്ങൾ എന്ന നിലയിലാണോ സംരംഭക രംഗത്താണോ പ്രസ്തുത സംഘങ്ങൾ പ്രവർത്തിക്കുകയെന്നും ഇതിനായി എത്ര അപേക്ഷകർ സമീപിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | സംരംഭക രംഗത്താണ് പ്രസ്തുത സംഘങ്ങൾ പ്രവർത്തിക്കുന്നത്. ഇതിനായി 33 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| (സി) | ഏതൊക്കെ ജില്ലകളിലാണ് യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ